**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2418** **07-07-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്‌ബി മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്‌ബി മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പ്രവൃത്തികളുടെ നിലവാര പരിശോധന നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കിഫ്ബി ധനസഹായം നൽകുന്ന പദ്ധതികൾ ഗുണനിലവാരത്തോടു കൂടി സമയക്രമം പാലിച്ച് നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തം എസ് പി വി യും എസ് പി വി യെ നിയമിക്കുന്ന അതാത് ഭരണ വകുപ്പുകൾക്കും ആണ്. ഇതിനു പുറമെ കിഫ് ആക്ടിലെ സെക്ഷൻ 17 A പ്രകാരം കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റിയ്ക്ക് പരിശോധനാ അധികാരം നൽകിയിട്ടുണ്ട്. കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റിയുടെ ഭാഗമായി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗവും, അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗവും പ്രവർത്തിക്കുന്നു. ഇത് പ്രകാരം ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സമയാസമയങ്ങളിൽ കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം പരിശോധനകൾ നടത്തുന്നു. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. ഭരണ വകുപ്പും എസ് പി വിയും കിഫബിയും തമ്മിലുള്ള ത്രികക്ഷി കരാറിന്റെ അടിസ്ഥാനത്തിലാണ് ഓരോ നിർമ്മാണ പ്രവർത്തികൾക്കും കിഫ്ബി ധനസഹായം നൽകുന്നത്. അതിന്റെ ഭാഗമായി തന്നെ ഗുണനിലവാര പരിശോധനകളുടെ അടിസ്ഥാനത്തിൽ കിഫ്ബി നൽകുന്ന നിർദേശങ്ങൾ പാലിക്കാൻ ഭരണവകുപ്പും എസ് പി വി യും ബാധ്യസ്ഥവുമാണ്. മൈക്രോസോഫ്റ്റ് പ്രോജക്റ്റ് ഷെഡ്യൂളിംഗ്, BIM /VDC ബേസ്ഡ് പ്രൊജക്റ്റ് മാനേജ്മെന്റ് സിസ്റ്റം, ഡിസൈൻ റിവ്യൂ, പ്രൊജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ് അപ്രൂവൽ, എസ് പി വി കൾക്കും കരാറുകാർക്കും പരിശീലനങ്ങൾ, കൂടാതെ SPV-കൾക്കുള്ള ഉപദേശക സേവനങ്ങൾ തുടങ്ങിയ സംവിധാനങ്ങൾ ഗുണ നിലവാരം ഉറപ്പുവരുത്തി സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | പദ്ധതികൾ പൂർത്തിയാക്കുന്നതിന് സഹായകമാകുന്നു. നിർമ്മാണ പ്രവർത്തികൾ വിലയിരുത്താൻ കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗവും, പരിശോധനാ വിഭാഗവും നിരന്തരമായി എസ് പി വി യിലെ ഉദ്യോഗസ്ഥരുമായി മീറ്റിംഗുകൾ നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യും. സാങ്കേതിക കാര്യങ്ങളിലെ തടസ്സം ഒഴിവാക്കാൻ കിഫ്ബിയ്ക്ക് കീഴിലുള്ള ടെക്നിക്കൽ റിസോർസ് സെന്റർ (TRC) മുഖേന വേണ്ട സഹായങ്ങൾ എസ് പി വി കൾക്ക് ലഭ്യമാക്കുന്നുമുണ്ട്. കിഫ്ബി യുടെ ഇൻസ്പെക്ഷൻ വിഭാഗം സൂക്ഷ്മ പരിശോധന നടത്തി ഫീൽഡ് ഒബ്സർവഷൻ ഷീറ്റുകളും, ടെക്നിക്കൽ ഒബ്സർവേഷൻ നോട്ടുകളും ഒബ്സർവേഷൻ മെമ്മോകളും, ഇൻസ്പെക്ഷൻ റിപ്പോർട്ടുകളും നൽകുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കിഫ്ബി നിശ്ചയിച്ച ഗുണനിലവാരം പാലിക്കാത്ത പ്രവർത്തികൾ നിർത്തിവയ്ക്കുന്നതിന് കിഫ്ബി നിർദേശം നൽകുന്നുണ്ട്. ഇൻസ്പെക്ഷൻ വിഭാഗം നൽകുന്ന എല്ലാ നിർദേശങ്ങളും പൂർത്തിയാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷം മാത്രമേ ഇവ പിൻവലിക്കാറുള്ളൂ. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ ഏൽപ്പിച്ചിട്ടുള്ള എസ്.പി.വി.കളുടെ കാര്യക്ഷമമായ ഇടപെടൽ ഇല്ലാത്തത് കാരണം പ്രവൃത്തികളുടെ നിലവാരം കുറയുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എസ്.പി.വികൾ പദ്ധതി മേൽനോട്ടത്തിന് ആവശ്യമായ എൻജിനീയർമാരെ നിയമിക്കാത്തതാണ് പ്രവൃത്തികളുടെ നിലവാരം കുറയുന്നതിന് പ്രധാന കാരണമായി കിഫ്ബി കണ്ടെത്തിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ, കിഫ്ബി പദ്ധതികളുടെ മേൽനോട്ടത്തിനായി, മതിയായ എൻജിനീയർമാരെ നിയമിക്കാനുള്ള നിർദ്ദേശം SPV-കൾക്ക് നൽകിയിട്ടുണ്ട്. ഇതു കൂടാതെ, എൻജിനീയർമാരുടെ സേവനം കുറവായ പദ്ധതികളിൽ, പിഎംസി കളുടെ സേവനം ഉപയോഗിക്കാനും നിർദേശിച്ചിട്ടുണ്ട്.<br><br>കിഫ്ബി നിഷ്കർഷിക്കും പ്രകാരം, പദ്ധതി മേൽനോട്ടത്തിന് മതിയായ എഞ്ചിനീയർമാരെ നിയമിക്കാത്ത SPVകളുടെ സെന്റേജ് ചാർജിൽ നിന്നും കിഫ് ബോർഡ് അംഗീകരിച്ച പ്രകാരമുള്ള കുറവ് വരുത്തുന്നതടക്കമുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നുണ്ട്. |
| (സി) | പൂർത്തിയായ പ്രവൃത്തികൾ ഡി.പി.ആർ. അനുസരിച്ച് ചെയ്തു എന്ന് ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | കിഫ്ബി അംഗീകരിച്ച DPR അനുസരിച്ച് പദ്ധതികൾ നടപ്പിലാക്കാനുള്ള ഉത്തരവാദിത്തം പദ്ധതി നിർവ്വഹണ ഏജൻസികൾക്കാണ്. കിഫ്ബി അംഗീകരിച്ച വിശദമായ പദ്ധതി റിപ്പോർട്ട് (DPR) |

| | | | |
|---|---|---|---|
| | | | ന്റെ അടിസ്ഥാനത്തിൽ ഒരു പ്രൊജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED), പദ്ധതി നിർവ്വഹണ ഏജൻസികൾ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം അംഗീകരിച്ച PED പ്രകാരം ആണ് സൈറ്റിൽ നിർമ്മാണ പ്രവൃത്തികൾ നടത്തേണ്ടതെന്ന് എസ്.പി.വി കൾക്ക് കിഫ്ബിയിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഇതുപ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ DPR അനുസരിച്ചും അംഗീകരിച്ച PED പ്രകാരവുമാണ് നടക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നതിന് കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം സമയാസമയങ്ങളിൽ പരിശോധനകൾ നടത്തുന്നതാണ്. ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ ശ്രദ്ധയിൽ പെട്ടാൽ തിരുത്തൽ നടപടികൾക്കായി എസ്.പി.വികൾക്ക് നിർദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ